**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2751** **06-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ. ബി. - ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ ജീവനക്കാരുടെ കുറവ് പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിനായി താല്ക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വിതരണ മേഖലയിൽ ചില സ്ഥലങ്ങളിൽ ലൈൻമാൻമാരുടെയും വർക്കർമാരുടെയും കുറവ് ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രകൃതിക്ഷോഭം ഉൾപ്പെടെയുള്ള സമയത്തു ഉപഭോക്താക്കൾക്ക് സമയബന്ധിത സേവനം ഉറപ്പു വരുത്തുന്നതിനായി പ്രവർത്തികൾ കോൺട്രാക്ട് വ്യവസ്ഥയിൽ നൽകിക്കൊണ്ടും പ്രദേശത്തെ വിതരണ സംവിധാനത്തെക്കുറിച്ച് ധാരണയുള്ള വിരമിച്ച ജീവനക്കാരെ നിയോഗിച്ചുകൊണ്ടും സേവനം ഉറപ്പു വരുത്തുന്നുണ്ട്. |
| (ബി) | വൈദ്യുത അപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കെ. എസ്. ഇ. ബി. യി. ലെ പതിനായിരത്തിലധികം ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ഇ.ബി.യിൽ ജീവനക്കാരുടെ യഥാർത്ഥ ആവശ്യകതയ്ക്ക് പ്രാമുഖ്യം നൽകിയുള്ള പുനഃസംഘടന പ്രക്രിയ അവസാനഘട്ടത്തിലാണ്. ഇതിൽ അടിസ്ഥാന യോഗ്യത ഉൾപ്പെടെ ഉള്ള കാര്യങ്ങൾ പരിഗണിക്കുന്നുണ്ട്. മേൽ കാര്യങ്ങൾ പരിഗണിച്ച് മാത്രമേ യഥാർത്ഥ ഒഴിവുകൾ നിർണയിക്കാൻ സാധിക്കുകയുള്ളൂ. ജീവനക്കാരുടെ ഒഴിവുകൾ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ ഉള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ആവശ്യത്തിന് അനുസരിച്ചുള്ള ഒഴിവുകൾ കെ.എസ്.ഇ.ബി കാലാകാലങ്ങളിൽ പി.എസ്.സി-ക്ക് തുടർച്ചയായി റിപ്പോർട്ട് ചെയ്തു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ